പ്രമുഖ ടാർ കമ്പനികൾ

329 (1386) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് പണികൾക്കാവശ്യമായ ടാർ നൽകുന്ന പ്രമുഖ കമ്പനികൾ ഏതൊക്കെയാണ്;

(ബി) റോഡ് പണികൾക്ക് ടാർ വാങ്ങിയ ഇനത്തിൽ സർക്കാർ ഏതെല്ലാം കമ്പനികൾക്ക് എത്ര കോടി രൂപ വീതം കൊടുത്ത് തീർക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ടാർ നല്കുന്നത് ഏതെങ്കിലും കമ്പനി നിർത്തി വച്ചതായി പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ;

(ഡി) ടാർ ലഭിക്കാത്തത് മൂലം പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്ത വർക്കുകൾ മുടങ്ങിയ സാഹചര്യം നിലവിലുണ്ടോ ?

ഉത്തരം

(എ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.), മാംഗ്ലൂർ റിഫൈനറി ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ് (എം.ആർ.പി.എൽ.) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ.) എന്നീ കമ്പനികളാണ് പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത്.

(ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ടാർ വാങ്ങിയ ഇനത്തിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് 31-10-2014 വരെ 39.14 കോടി രൂപ നൽകാനുണ്ട്.

(സി) ടാർ നൽകുന്നത് ബി.പി.സി.എൽ. മുമ്പ് നിർത്തിവച്ചിരുന്നെങ്കിലും ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്.

(ഡി) ഇല്ല.

മോണോറെയിൽ പദ്ധതി

330 (1387) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടപ്പാക്കുന്ന മോണോ റെയിൽ പദ്ധതിക്കുള്ള നിർമ്മാണ കരാർ ലേല നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) ഓരോ സ്ഥലത്തേയും പദ്ധതി ചെലവ് കണക്കാക്കപ്പെട്ടത് എത്ര കോടി വീതമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly